ആർ4. 8354/09.

കുന്നംകുളം നഗരസഭ,
തീയതി. 19/1/2012.

**കുന്നംകുളം നഗരസഭ – പരസ്യ നികുതി നിരക്ക് പുതുക്കി നിശ്ചയിക്കുന്നത് സംബന്ധിച്ച കരട് വിജ്ഞാപനം.**

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 2009 ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്ട് എന്നിവയിലെ 230,231(2) എന്നീ വകുപ്പുകൾ പ്രകാരം പരസ്യപ്പെടുത്തുന്ന വിജ്ഞാപനം.

കുന്നംകുളം നഗരസഭയിൽ നിലവിലുള്ള പരസ്യ നികുതി നിരക്കുകൾ വളരെ കുറവായതിനാൽ ആയത് കാലോചിതമായി പരിഷ്ക്കരിക്കുന്നതിലേക്ക് പുതുക്കിയ നിരക്കുകൾ നിശ്ചയിച്ചു കൊണ്ട് നഗരസഭാ കൗൺസിൽ 2/2/2010 ലെ 26–ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുള്ള വിവരം എല്ലാവരുടെയും അറിവിലേക്കായി പരസ്യപ്പെടുത്തുന്നതോടൊപ്പം ടി പുതുക്കിയ നിരക്കുകൾ 1/4/2012 മുതൽ നഗരസഭയിൽ പ്രാബല്യത്തിൽ വരുന്നതാണെന്ന വിവരവും അറിയിക്കുന്നു. പുതുക്കിയ പരസ്യ നികുതി നിരക്കിന്റെ പട്ടിക നഗരസഭ വെബ് സൈറ്റിലും, നോട്ടീസ് ബോർഡുകളിലും, പ്രധാനപ്പെട്ട പൊതു സ്ഥലങ്ങളിലും ഇന്നേ ദിവസം പരസ്യപ്പെടുത്തിയിട്ടുണ്ട്. കൗൺസിൽ നിശ്ചയിച്ചിട്ടുള്ള പരസ്യ നികുതി സംബന്ധിച്ച് പൊതുജനങ്ങൾക്കോ, മറ്റാർക്കെങ്കിലുമോ ആക്ഷേപം വല്ലതും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ഈ വിജ്ഞാപന തീയതി മുതൽ 15 ദിവസത്തിനകം രേഖാമൂലം നഗരസഭ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾ പ്രവർത്തി സമയത്ത് നഗരസഭ റവന്യൂ വിഭാഗത്തിൽ നിന്നും ലഭിക്കുന്നതാണ്.

(ഒപ്പ്)
സെക്രട്ടറി,
കുന്നംകുളം നഗരസഭ.

ആർ4. 8354/09.

കുന്നംകുളം നഗരസഭ,
തീയതി. 19/1/2012.

## കുന്നംകുളം നഗരസഭ – പരസ്യ നികുതി നിരക്ക് പുതുക്കി നിശ്ചയിക്കുന്നത് സംബന്ധിച്ച കരട് വിജ്ഞാപനം.

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 2009 ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്ട് എന്നിവയിലെ 230,231(2) എന്നീ വകുപ്പുകൾ പ്രകാരം പരസ്യപ്പെടുത്തുന്ന വിജ്ഞാപനം.

കുന്നംകുളം നഗരസഭയിൽ നിലവിലുള്ള പരസ്യ നികുതി നിരക്കുകൾ വളരെ കുറവായതിനാൽ ആയത് കാലോചിതമായി പരിഷ്ക്കരിക്കുന്നതിലേക്ക് പുതുക്കിയ നിരക്കുകൾ നിശ്ചയിച്ചു കൊണ്ട് നഗരസഭാ കൗൺസിൽ 2/2/2010 ലെ 26–ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുള്ളതിനാൽ കുന്നംകുളം നഗരസഭയിലെ പരസ്യ നികുതി നിരക്കുകൾ 1/4/2012 മുതൽ താഴെ പട്ടികയിൽ പറയുംപ്രകാരം പുതുക്കി നിശ്ചയിക്കുന്നതിന് തീരുമാനിച്ചിട്ടുള്ള വിവരം ഇതിനാൽ പരസ്യപ്പെടുത്തുന്നു.

### പുതുക്കിയ നിരക്കുകളുടെ പട്ടിക

| ക്രമ നമ്പർ. | പരസ്യത്തിന്റെ സ്വഭാവം വിസ്തീർണ്ണം. | നിലവിലുള്ള നിരക്കുകൾ | പുതുക്കിയ നിരക്കുകൾ |
|---|---|---|---|
| I. | ദീപാലങ്കാരമില്ലാത്ത ഹോർഡിംഗ്കളിലെ പരസ്യം/ചുവർ പരസ്യം. | | |
| 1. | 1 ച. മീറ്റർ വിസ്തീർണ്ണം വരെ | 1.20 | 100 (വാർഷികം) |
| 2. | 1 ച.മീറ്റർ മുതൽ 2.50 വരെ | 1.80 | 200 (വാർഷികം) |
| 3. | അധികമായി വരുന്ന ഓരോ 2.50 മീറ്ററിനും | 1.20 | 100 (വാർഷികം) |
| II. | പോസ്റ്ററുകൾ /സിനിമാ പോസ്റ്ററുകൾ ഒഴികെ | | |
| 1. | 0.50 ച. മീറ്ററിൽ കവിയാത്തത് | 1.20 | 5 ( 7 ദിവസം) |
| 2. | 1 ച.മീറ്ററിൽ കവിയാത്തത് | 2.40 | 10 (7 ദിവസം) |
| 3. | അധികമായി വരുന്ന ഓരോ ച.മീറ്ററിനും | 1.80 | 5 ( 7 ദിവസം) |
| III. | സിനിമാ പോസ്റ്ററുകൾ | | |
| 1. | 0.50 ച.മീറ്ററിൽ കവിയാത്തത് | 0.60 | 5(7 ദിവസത്തേക്ക്) |
| 2. | 1 ച.മിറ്ററിൽ കവിയാത്തത് | 1.20 | 10(7 ദിവസത്തേക്ക്) |
| 3. | അധികമായി വരുന്ന ഓരോ ച.മീറ്ററിനും അതിൽ കുറവിനും. | 0.90 | 5(7 ദിവസത്തേക്ക്) |
| IV. | വാഹനങ്ങളിൽ വയ്ക്കുന്ന പരസ്യങ്ങൾ | | |

| | | |
|---|---|---|
| 1. വിദ്യുച്ഛക്തിയിലോ യാന്ത്രിക ശക്തിയിലോ പ്രവർത്തിക്കുന്ന മോട്ടോർ, കാർ, ലോറി ഒഴികെയുള്ള ഏതു വാഹനങ്ങളിലെ പരസ്യ ങ്ങൾക്കും. | 6 രൂപ | 50 രൂപ (1 ദിവസത്തേക്ക്) |
| 2. വിദ്യൂച്ഛക്തിയിലോ, യാന്ത്രിക ശക്തിയിലോ പ്രവർത്തിക്കുന്ന ലോറികൾ തുടങ്ങിയ വാഹനങ്ങൾ. | 15 രൂപ | 100 രൂപ (1 ദിവസത്തേക്ക്) |
| V. <u>പരസ്യങ്ങൾ വഹിക്കുന്ന ബോർഡുകൾ</u> | 4.20 | 125 രൂപ (1 ദിവസത്തേക്ക്) |
| VI. <u>ദീപാലങ്കാരമടങ്ങിയ പരസ്യങ്ങളും ആകാശ് പരസ്യങ്ങളും.</u> | | |
| 1. 0.50 ച. മീറ്റർ വിസ്തീർണ്ണമുള്ളത് | 4.20 | 200 രൂപ ( വാർഷികം) |
| 2. 0.50 ച.മീറ്റർ മുതൽ 2.50 ച. മീറ്റർ വരെ വിസ്തീർണ്ണമുള്ളത്. | 6.00 | 350 രൂപ (വാർഷികം) |
| 3. അധികമായി വരുന്ന ഓരോ 2.50 ച.മീറ്ററിനും അതിൽ കുറവിനും. | 5.40 | 200 രൂപ (വാർഷികം) |
| VII. <u>സ്ക്രീനുകളിൽ ലാന്റേൺ സ്ലൈഡ് മുഖേന യുള്ള പരസ്യങ്ങൾ</u> | | |
| 1. 0.50 ച.മീറ്റർ വിസ്തീർണ്ണമുള്ളത് | 3.10 | 300 രൂപ (വാർഷികം) |
| 2. 0.50 ച.മീറ്റർ മുതൽ 2.50 ച. മീറ്റർ വരെ വിസ്തീർണ്ണമുള്ളത്. | 3.10 | 400 രൂപ ( വാർഷികം) |
| 3. അധികമായി വരുന്ന ഓരോ 2 ച. മീറ്ററിനും | 2.10 | 250 രൂപ (വാർഷികം) |
| VIII. <u>സ്ക്രീനുകളിൽ പ്രദർശിപ്പിക്കുന്ന റോൾ ഫിലിമുകൾക്ക്.</u> | | |
| 1. 30.5 മീറ്ററിനുമേൽ കവിയാത്ത വിസ്തീർണ്ണമുള്ളത്. | 24 | 50 രൂപ (1 മാസത്തേക്ക്) |
| 2. 37 ച.മീറ്ററിന് അധികമായി വരുന്ന ഓരോ 10 ച. | | |

| | | |
|---|---|---|
| മീറ്ററിനോ ആയതിന്റെ ഭാഗത്തിനോ | | |
| (A) 30.5 മീറ്റർ നീളത്തിൽ കവിയാത്ത ഫിലിമുകൾക്ക് | 4 | 50 രൂപ (1 മാസത്തേക്ക്) |
| | 1 | 25 രൂപ (7 ദിവസത്തേക്ക്) |
| (B) 30.5 ച.മീറ്റർ നീളത്തിൽ കൂടുതലായി വരുന്ന ഓരോ 15 മീറ്റർ നീളമുള്ള ഫിലിമുകൾക്ക് | 2 | 25 രൂപ (1 മാസത്തേക്ക്) |
| | 0.80 | 10 രൂപ (7 ദിവസത്തേക്ക്) |
| IX. ബാനർ | | |
| 1. 3 മീറ്റർ വരെയുള്ളത് | 30 | 30 (1 മാസത്തേക്ക്) |
| 2. 3 മീറ്റർ മുതൽ 15 മീറ്റർ വരെയുള്ളത്. | 50 | 50 (1 മാസത്തേക്ക്) |

X. നഗരസഭ വക സ്ഥലത്തോ കെട്ടിടത്തിലോ സ്ഥാപിക്കുന്ന ബോർഡുകൾക്ക് കൗൺസിൽ അതാത് സമയത്ത് നിശ്ചയിക്കുന്ന നിരക്കിൽ നികുതി ഈടാക്കുന്നത്.

പുതുക്കി നിശ്ചയിച്ചിട്ടുള്ള പരസ്യ നികുതി നിരക്കുകൾ സംബന്ധിച്ച് പൊതുജനങ്ങൾക്കോ, മറ്റാർക്കെങ്കിലുമോ ആക്ഷേപം വല്ലതും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ഈ വിജ്ഞാപന തീയതി മുതൽ 15 ദിവസത്തിനകം രേഖാമൂലം നഗരസഭ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾ പ്രവർത്തി സമയത്ത് നഗരസഭ റവന്യൂ വിഭാഗത്തിൽ നിന്നും ലഭിക്കുന്നതാണ്.

(ഒപ്പ്)

സെക്രട്ടറി,
കുന്നംകുളം നഗരസഭ.